## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4718 — 26/ 06/ 2019- ൽ മറുപടിയ്ക്ക്

### ഏലം കർഷകർക്ക് സി.ആർ. രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ | ഉത്തരം<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| ഏലം കർഷകർക്ക് സി.ആർ. രജിസ്ട്രേഷൻ നൽകുന്നതിന് നിലവിലുണ്ടായിരുന്ന നിയമതടസ്സം നീക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | 1986-ലെ Spices Board Act-ലെ 8-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ടി ആക്ടിൻ കീഴിൽ നൽകുന്ന രജിസ്ട്രേഷൻ, രജിസ്ട്രേഷൻ ഓഫീസർ റദ്ദാക്കുന്നതുവരെ നിലനിൽക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ കാലാവധി എട്ട് വർഷമായി നിജപ്പെടുത്തി പുറപ്പെടുവിച്ച 24/ 04/ 2015 ലെ സ.ഉ. (എംഎസ്) 72/ 15/ എഡി നം. ഉത്തരവ് 19/ 07/ 2018 ലെ സ.ഉ. (എംഎസ്) 96/ 2018/ കൃഷി നം. ഉത്തരവിലൂടെ റദ്ദാക്കിയിരുന്നു.<br><br>കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സമയപരിധിയും ഫീസ് ഘടനയും പുനർ നിർണ്ണയിച്ചുകൊണ്ട് സർക്കാർ പുറത്തിറക്കിയ 29/ 02/ 2016 ലെ സ.ഉ.(എംഎസ്) 35/ 2016/ കൃഷി നം. സർക്കാർ ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില ആശയക്കുഴപ്പങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ടി ഉത്തരവ് റദ്ദാക്കിക്കൊണ്ടും, സ്പൈസസ് ബോർഡ് ആക്ട് 1986 ലെ 8 (1) വകുപ്പ് പ്രകാരം കാർഡമം രജിസ്ട്രേഷനുള്ള കാലപരിധി 01/ 04/ 2017 മുതൽ 31/ 03/ 2020 വരെ ദീർഘിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

Sreelatha

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - സ്പൈസസ് ബോർഡ് ആക്ട് 1986 കാർഡമം രജിസ്ട്രേഷനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻസിഎ) വകുപ്പ്**

**സ.ഉ.(എംഎസ്) നം. 81/2019/കൃഷി** **തിരുവനന്തപുരം, തീയതി 15/ 06/ 2019**

പരാമർശം: - (1) 21/ 12/ 2016 ലെ സ.ഉ. (പി) 17/ 2016/ എഡി നം. സർക്കാർ ഉത്തരവ്
(24/ 12/ 2016 ൽ SRO 784/ 2016 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചത്)
(2) 29/ 02/ 2016 ലെ സ.ഉ.(എംഎസ്) 35/ 2016/കൃഷി നം. സർക്കാർ ഉത്തരവ്

**ഉത്തരവ്**

കാർഡമം രജിസ്ട്രേഷനുള്ള സമയപരിധി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 31/ 03/ 2017 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സമയപരിധിയും ഫീസ് ഘടനയും പുനർ നിർണ്ണയിച്ചുകൊണ്ട് സർക്കാർ പുറത്തിറക്കിയ പരാമർശം (2) ലെ ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില ആശയക്കുഴപ്പങ്ങൾ ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ പരാമർശം (2) ലെ ഉത്തരവ് വിശദമായി പരിശോധിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സമയപരിധിയും ഫീസ് ഘടനയും പുനർ നിർണ്ണയിച്ചുകൊണ്ട് പുറത്തിറക്കിയ പരാമർശം (2) ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും, സ്പൈസസ് ബോർഡ് ആക്ട് 1986 ലെ 8 (1) വകുപ്പ് പ്രകാരം കാർഡമം രജിസ്ട്രേഷനുള്ള കാലപരിധി 01/ 04/ 2017 മുതൽ 31/ 03/ 2020 വരെ ദീർഘിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.രത്തൻ കേൽക്കർ ഐഎഎസ്**
സ്പെഷ്യൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ, സ്പൈസസ് ബോർഡ്, എറണാകുളം
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം
റവന്യൂ (ആർ) വകുപ്പ്
ഐ&പിആർഡി (സർക്കാർ വെബ്സൈറ്റിൽ upload ചെയ്യുന്നതിലേക്കായി)

ഉത്തരവിൻ പ്രകാരം,

Sreelatha

സെക്ഷൻ ഓഫീസർ.

Sreelatha

സെക്ഷൻ ഓഫീസർ